
ജാലകം
സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ കല്ലൂർ
little KITEs

അനുദിനം വളരുന്ന വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിദ്യാർത്ഥികളുടെ ഭാവനാസൃഷ്ടികളെ അക്ഷരക്കൂട്ടുകളാകുന്ന ജാലകത്തിലൂടെ തുറന്നിടുവാനുള്ള എളിയ ശ്രമമാണ് 'ജാലകം' എന്ന ഡിജിറ്റൽ മാഗസിൻ. കൊച്ചുകൊച്ചുസ്വപ്നങ്ങളെ വാക്കുകളിലൂടെ,ചിത്രങ്ങളിലൂടെ 'ജാലക'ത്തിൽ ആവിഷ്കരിച്ചിരിക്കുന്നു. സ്നേഹനിധിയായ കൂട്ടുകാരുടെ സൃഷ്ടികളെ മനസ്സിന്റെ ജാലകം തുറന്ന് നിങ്ങൾ നെഞ്ചിലേറ്റുക. ഈ പ്രയത്നത്തിന് ഓജസ്സും തേജസ്സും പകരുവാൻ സൃഷ്ടികൾ നൽകിയവരെയും ഇതിനു പിന്നിൽ ആത്മാർഥമായി  പ്രയത്നിച്ചവരെയും നന്ദിയോടെ സ്മരിച്ചുകൊണ്ട് തികഞ്ഞ സംതൃപ്തിയോടെ 'ജാലകം' നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,
ചീഫ് എഡിറ്റർ,
മുഹമ്മദ് ബാസിത്ത്.

# എഡിറ്റോറിയൽ ബോർഡ്

മുഹമ്മദ് ബാസിത്ത്
രാഹുൽ ടി.എസ്
അവന്തിക മോഹൻ
അൽക നാഥ്
അലീന ആന്റോ
അനീറ്റ ജോഷി
ഫാത്തിമ ടി.എസ്

## ഒപ്പം നിന്നവർ

ശ്രീ. ബിജു കെ സൈമൺ
ശ്രീ. ജയ്മോൻ പി. ഇട്ടീര
ശ്രീമതി. മരിയ വിതയത്തിൽ
ശ്രീമതി. റിയ എബ്രഹാം
എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും

## താളുകളിലൂടെ :-


1. ദൈവത്തിന്റെ സ്വന്തം നാട്
2. വാലന്റൈൻസ് ദിനത്തിലെ ഒരു ജനനം
3. കാത്തിരിപ്പൂ എൻ നക്ഷത്രമേ
4. രൂപാന്തരീകരണം
5. ദുഃഖസാഗരം
6. മാതൃഭാഷയുടെ പ്രസക്തി
7. കേരളീയ പുഷ്പങ്ങൾ
8. മഴച്ചൊല്ലുകൾ
9. അപ്പുവും അനിലും
10. അക്ഷരപ്പാട്ട്
11. അമ്മയാണ് പുഴ
12. കാക്കയുടെ വിചാരങ്ങൾ
13. മനുഷ്യൻ
14. കേരളം

15. പകലിന്റെ ദീപം
16. അമ്മ നിലാവ്
17. ഞാൻ കണ്ട മഴ
18. Second parent our teacher
19. Environmental pollution
1. 20. My brother
21. The parrot
22. Mom
23. My father
24. Friendship
25. A new dawn
26. What is life?
27. The eyes
28. Holiday

# ദൈവത്തിന്റെ സ്വന്തംനാട്



ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ ജനിക്കുക,ജീവിക്കുക എന്നതിൽപരം ഒരു സൗഭാഗ്യം മലയാളികൾക്ക് വേറെയില്ല. ദൈവം നമുക്ക് കനിഞ്ഞുനൽകിയ വരദാനമാണ് ശ്യാമസുന്ദരമായ ഈ കൊച്ചു കേരളം. സംസ്കാരത്തിലും വസ്ത്രധാരണത്തിലും കേരളത്തിന്റെ സ്ഥാനം മുൻപന്തിയിലാണ്. ആദർശസുന്ദരമായ കേരളമായിരുന്നു മലയാളിയുടെ സ്വപ്നം.അത് ഇന്ന് നമ്മൾ നിറവേറ്റിക്കൊണ്ടിരിക്കുകയാണ്.

കേരളത്തിന്റെ പ്രധാനപ്പെട്ട ഉത്സവമാണ് ഓണം.ജാതിമതവ്യത്യാസമില്ലാതെയാണ് മലയാളികൾ ഓണം ആഘോഷിക്കുന്നത്.വിദേശികൾക്കും ഓണം എന്നത് ഇന്ന് ഒരു ഹരമായി മാറിയിരിക്കുകയാണ്.ഓണം എന്ന് പറയുമ്പോൾ മലയാളിയുടെ മനസ്സിലേക്ക് കടന്നുവരുന്നത് ഓണപ്പാട്ടുകളുംഓണക്കോടിയും തിരുവാതിരക്കളിയുമൊക്കെയാണ്.

മാവേലി കേരളം ഭരിച്ചിരുന്ന കാലം, മനുഷ്യർ സന്തോഷത്തോടെ ഭയാശങ്കകളില്ലാതെ ജീവിച്ചിരുന്ന കാലം,കള്ളവും ചതിയുമില്ലാത്ത കാലം,അതാണ് ഓണം. കഴിഞ്ഞുപോയ കാലത്തിന്റെ ഓർമ്മയാണ് മലയാളികൾ ഓരോ ഓണം ആഘോഷിക്കുമ്പോഴും

# തിരിച്ചുകൊണ്ടുവരുന്നത്.

-സുകന്യക കെ.എസ്

ക്ലാസ്സ് -9

# വാലന്റൈൻസ് ദിനത്തിലെ ഒരു ജനനം



2004 ഫെബ്രുവരി മാസം വാലന്റൈൻസ് ദിനമായ 14-ാം തിയതി സന്ധ്യമയങ്ങും സമയത്ത് ഞാൻ ഈ സ്വപ്നഭൂമിയിൽ ജനിച്ചു. എന്റെ അച്ഛനും അമ്മയും അതീവസ്നേഹത്തോടെ സ്നേഹ എന്ന പേരു നൽകി. ജൂൺ ഒന്നാം തിയതി മഴയുള്ള സമയത്ത് ആകാശം ഇരുണ്ടുകൂടിയ സമയത്ത്, ഞാൻ ഈ വിദ്യാലയത്തിന്റെ ആദ്യ പടി ചവിട്ടിയ ആ ദിവസം എന്റെ പഠനാരംഭത്തിനായി ഞാൻ ദക്ഷിണ വെച്ചു. എന്റെ പഠനത്തിനുള്ള പടികൾ ഓരോന്നായി കയറി.പഠനത്തിനിടയിൽ എന്നിൽ ഉറങ്ങി കിടന്ന കഴിവുകൾ ഞാൻ ഉപയോഗിക്കുവാൻ തുടങ്ങി.എന്നിലെ കലകൾ ഞാൻ എന്റെ കഴിവുകൾ ഉപയോഗിച്ച് പ്രോത്സാഹിപ്പിച്ചു. പഠനസമയങ്ങളിൽ ഞാൻ എന്റെ ഗുരുക്കന്മാരെ ബഹുമാനിച്ചിരുന്നു. എന്റെ

അച്ഛനെയും അമ്മയേയും ഞാൻ ബഹുമാനിച്ചിരുന്നു. എന്റെ ജീവിതത്തിലെ വിലപ്പെട്ട ദിനമായിരുന്നു എന്റെ ജന്മദിനം. ഈ ജീവിതം എനിക്കു നൽകിയ ഈശ്വരനോട് ഞാൻ നന്ദി പറയുന്നു. ചില സാഹചര്യങ്ങളിൽ ജീവിതത്തിൽ പരാജയമായിരുന്നെങ്കിലും പരാജയം വിജയത്തിന്റെ മുന്നോടി എന്ന് പറയുന്നതുപോലെ ചില സാഹചര്യങ്ങളിൽ അതെനിക്ക് വിജയത്തിന്റെ വഴിവിളക്കായി.

-അലീന ആന്റോ

ക്ലാസ്സ് -9

# കാത്തിരിപ്പൂ എൻ നക്ഷത്രമേ



ചെറുനക്ഷത്രമേ ....
നിന്നെ കാണുവാൻ
ഞാൻ കൊതിക്കുന്നു.
എന്തിനു നീ എന്നെ വിട്ടകന്നുപോയി.....
ഇരുൾമേഘങ്ങളിലൂടൊഴുകി....
നീ എങ്ങോ മാഞ്ഞുപോയി
നിൻ ചെറുപുഞ്ചിരി ഞാൻ
കാണുവാൻ കൊതിക്കുന്നോരോനേരവും
നീ അകന്നകന്നു യാത്രയായി
എവിടേക്കകന്നു നീ
അടർന്നകലുന്നത്....

- അൽക്ക നാഥ് ക്ലാസ്സ് 9

# രൂപാന്തരീകരണം

**ഒരു ഗ്രാമത്തിൽ വലിയമൈതാനമുണ്ടായിരുന്നു. ഒരിക്കൽ ആ മൈതാനത്തിൽ രാമു എന്ന ഒരു കുട്ടി പന്ത് കളിക്കുകയായിരുന്നു.പെട്ടെന്ന് ആ പന്ത് മൈതാനത്തിന് സമീപമുള്ള ഒരു നദിക്കരയിൽ ചെന്നുവീണു. രാമു പന്തെടുക്കുന്നതിനായി നദിക്കരയിലേക്ക് ഓടി.അപ്പോൾ കല്ലിൽ കാലുതട്ടി രാമു വീണു. ആ കുട്ടി കല്ലിനോട് ക്ഷമ ചോദിച്ചു. കല്ല് സാരമില്ല എന്നു പറഞ്ഞു.അപ്പോൾ രാമു ഞെട്ടിപ്പോയി! കല്ല് സംസാരിക്കുമോ???**
**കുട്ടി ഓർത്തു!! എന്നും രാമു ആ കല്ലിനെ കാണാൻ വന്നു. അങ്ങനെ അവർ കൂട്ടുകാരായി.നീ എങ്ങനെ ഇവിടെ എത്തി?? അപ്പോൾ കല്ല് കഥ പറയാൻ തുടങ്ങി.ഒരിക്കൽ ഒരു കാട്ടിൽ ഞാൻ കൂറ്റൻ പാറകൾക്കിടയിൽ ഒരു പാറയായി ഉണ്ടായിരുന്നു. അങ്ങനെയിരിക്കെ ഒരിക്കൽ വർഷകാലമായി.മഴ**

ശക്തമായി പെയ്തുകൊണ്ടിരുന്നു. ഇടിയും മിന്നലും ഉണ്ടായി. എന്റെ ദേഹത്തെ ഓരോ വശങ്ങളും പൊടിഞ്ഞു വീണു കൊണ്ടേയിരുന്നു. അങ്ങനെ ഞാൻ ചെറിയ കഷ്ണങ്ങളായി താഴെ ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു നദിയിലേക്ക് വീണു. അവിടെ ഒരു കൂറ്റൻ പാറയിലിടിച്ച് വീണ്ടും ഞാൻ കഷ്ണങ്ങളായി മാറി.

അപ്പോഴേക്കും ഞാൻ അവശനായിത്തീർന്നിരുന്നു. വീണ്ടും ഞാൻ ഒരു നദിയിൽ എത്തിച്ചേർന്നു. പിന്നീട് ഞാൻ എത്തിച്ചേർന്നത് ഈ മനോഹരമായ പ്രദേശത്താണ്. തികച്ചും അവശനായിത്തീർന്ന എനിക്ക് ഒരു ആശ്വാസം തന്നത് നീയാണ്. ഇത് പറഞ്ഞ് കഴിഞ്ഞപ്പോഴേക്കും ആ കൊച്ചു കല്ലിന്റെ കണ്ണു നിറഞ്ഞിരുന്നു. അതു കണ്ടപ്പോൾ ആ കൊച്ചു കുട്ടിയുടെ മനസ്സ് ദയ കൊണ്ടും അനുകമ്പ കൊണ്ടും നിറഞ്ഞു.

-അഷ്ലിയ സലീം
ക്ലാസ്സ് -9

# ദു:ഖസാഗരം



രാത്രിയുടെ നിലാവൊളിയിൽ
നിദ്രതൻ വക്രത്തിൽ
ഉുങ്ങിയാടുന്ന ചെറുപുഷ്പത്തിൽ
കണ്ണിമയ്ക്കാതെ നിൽക്കവേ
എത്ര മുഖങ്ങൾ കടന്നുപോകുന്നിതാ
ആരു നോക്കിയാലും കണ്ണെടുക്കാത്ത
ആ ചെറുപുഷ്പത്തിൻ തേങ്ങൽ കേൾക്കുന്നിതാ
എന്താണ് പുഷ്പമേ ഈ തേങ്ങലിനു
നീ എത്ര സുന്ദരി ലോകത്തിങ്കൽ
സൗന്ദര്യലോകത്തിൽ നീ തന്നെ സുന്ദരി
എന്താണിത്ര നൊമ്പരം
സന്തോഷിക്കുക പുഷ്പമേ ഇനി
ശേഷിക്കും ആത്മാവിൻ നൊമ്പരമകറ്റി
ആത്മാവുറങ്ങും നാൾ വരെ പുഷ്പമേ
സന്തോഷിക്കാനുള്ളതീ ജീവിതമത്രയും

-മുഹമ്മദ് ബാസിത്ത് -9




# മാതൃഭാഷയുടെ പ്രസക്തി

ഒരു ജനതയുടെ സംസ്കാരത്തിന്റ
പ്രതീകമാണ് ഭാഷ.ഭാഷാപഠനമെന്നാൽ
സംസ്കാരപഠനമാണ്. ഓരോ മനുഷ്യനും
തന്നെ ആവിഷ്കരിക്കുന്നത് സ്വന്തം
ഭാഷയിലൂടെയാണ്. മഹാകവി
വള്ളത്തോൾ ഭാഷയെ ദർശിക്കുന്നത്

ജനതയെ ഒറ്റക്കെട്ടായി നിർത്തുന്നതിനുള്ള ഒരു ഉപാധി എന്ന നിലയിലാണ്.ആവിഷ്കരണം സാധ്യമാക്കാനും എന്തും സ്വാംശീകരിക്കാനുമുള്ള ശേഷി ഭാഷയ്ക്കുണ്ട്. ഭാഷയാണ് സംസ്കാരം.മാതൃഭാഷയേക്കാൾ ഇന്ന് അന്യഭാഷയ്ക്കാണ് നാം പ്രാധാന്യം കല്പിക്കുന്നത്. ആ പെറ്റമ്മയുടെ മധുരമൂറുന്ന സ്നേഹവും മഹത്വവും മനസ്സിലാക്കാൻ നാം പ്രയത്നിക്കണം.

-അമൃത ദിനേശൻ

ക്ലാസ്സ് -10

# . കേരളീയ പുഷ്പങ്ങൾ



കേരളം ഒരു
കാർഷികരാജ്യമാണ്.
കേരളത്തിന്റെ
പുഷ്പസമ്പത്ത്
നിലനിർത്താൻ നമുക്കേവർക്കും
പ്രയത്നിക്കാം. കേരളത്തിൽ നടുമുറ്റത്തൊരു
മുല്ലത്തറയില്ലാത്ത
വീടുണ്ടായിരുന്നില്ല.മുറ്റത്തൊരറ്റത്ത്
തുളസിത്തടം,മുക്കിലും മൂലയിലും തഴച്ചു
നിൽക്കുന്ന മന്ദാരം,കുളക്കരയിൽ
പുഞ്ചിരിച്ചു നിൽക്കുന്ന
വെള്ളിയിലച്ചെടി,തൊടിനിറയെ മുക്കുറ്റി
ചെമ്പരത്തി,കോളാമ്പി,വഴിവക്കത്ത്

കറുകനാമ്പ്,തുമ്പക്കുടം,വേലിക്കിടയിലൂടെ
നിശ്ശബ്ദമായി പാളിനോക്കുന്ന ശംഖുപുഷ്പം,
കുന്നിൻ നിറുകയിൽ കുത്താടുന്ന
കാട്ടുപൂക്കൾ ഇങ്ങനെ ശബളാഭമായ ഒരു
പൂപ്പാലിക തന്നെയാണ് കേരളം. നമ്മുടെ
ദേശീയ പുഷ്പമാണ് താമര. എന്നും നമ്മുടെ
നാട് കാത്ത് സൂക്ഷിക്കേണ്ട ഒരു സ്വത്ത്
തന്നെയാണ് പുഷ്പങ്ങൾ.
റോസയുംചെമ്പരത്തിയും
പിച്ചിയും,മുല്ലയും,ചെത്തിയും അങ്ങനെ
നമ്മുടെ നാടിന്റെ സൗന്ദര്യം എന്ന് തന്നെ
വിശേഷിപ്പിക്കാൻ സാധിക്കുന്ന എത്രയോ
തരം പുഷ്പങ്ങളാണ് നമുക്കുള്ളത്.
പൂക്കളില്ലാത്ത ഒരോണത്തെക്കുറിച്ച്
ചിന്തിക്കാൻ പോലും സാധിക്കില്ല. പൂക്കൾ

കൊണ്ടുള്ള ഒരു പൂക്കളം കാണുമ്പോൾ
നമുക്ക് ലഭിക്കുന്ന സംതൃപ്തി ഒന്ന്
വേറെതന്നെയാണ്. അടുത്ത തലമുറയ്ക്കും
നമ്മുടെ സ്വർണ്ണ പുഷ്പങ്ങളുടെ മധുരം
നുകരണമെങ്കിൽ,ഇന്ന് നാമത് നന്നായി
പരിചരിച്ചേ മതിയാവൂ.

അധ്വാനിക്കുക,അനുഭവിക്കുക,അഹ്ലാദിക്കു
ക എന്നതാണ് കേരളീയ
ജീവിതാദർശം.അതിനനുകൂലമായ
സാഹചര്യം ഒരുക്കിത്തരുന്നതിന് നമ്മുടെ
കേരളത്തിലെ പുഷ്പങ്ങൾ വിലയേറിയ ഒരു
വലിയ പങ്കു തന്നെ നയിക്കുന്നു.

ആദിത്യൻ കെ എസ്

ക്ലാസ്സ് -9

# മഴച്ചൊല്ലുകൾ



*ചിങ്ങത്തിലെ മഴ ചിണുങ്ങി ചിണുങ്ങി

*തുലാപത്തുനിറഞ്ഞാൽ പ്ലാപൊത്തിലുമിരിക്കാം

*മകരത്തിൽ മഴപെയ്താൽ മലയാളം മുടിയും

*കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും മാണിക്യം

*ഇടവത്തിൽ മഴപെയ്താൽ ഇടവഴിതോറും വെള്ളം

*മഴയൊന്നു പെയ്താൽ മരമേഴു പെയ്യും

*തിരുവാതിരയിൽ തിരിമുറിയാതെ

-ഫാത്തിമ ടി.എസ് ക്ലാസ്സ് -9

# അപ്പുവും അനിലും

ഒരിടത്ത് ഒരു ഗ്രാമത്തിൽ അപ്പുവും അനിലും താമസിച്ചിരുന്നു.അപ്പു മിടുക്കനായിരുന്നു.അവർ രണ്ടുപേരും ഒരേ ക്ലാസിലായിരുന്നു പഠിച്ചിരുന്നത്.അങ്ങനെ അവധിക്കാലമായി.അപ്പു നാട്ടുകാരോടും വീട്ടുകാരോടും നന്നായി പെരുമാറി.എല്ലാവരോടും അനിൽ മറിച്ചായിരുന്നു പെരുമാറിയത്.അവൻ എല്ലാവരെയും ഉപദ്രവിക്കാൻ തുടങ്ങി.അപ്പു കടയിൽ പോകുന്നത് അനിൽ കണ്ടു.അനിൽ വിചാരിച്ചു ഇവനെ ഒരു പാഠം പഠിപ്പിക്കണമെന്ന്.അവൻ മണ്ണിൽ ഒരു കുഴി കുത്തി.വൈകുന്നേരം അനിലിന്റെ അച്ഛൻ ജോലി കഴിഞ്ഞുവരുന്നതു വഴി ആ കുഴിയിൽ വീണു.അവന്റെ അച്ഛൻ നിലവിളിച്ചു.എല്ലാവരും കൂടിച്ചേർന്ന് അവന്റെ അച്ഛനെ ആശുപത്രിയിലേക്ക് കൊണ്ടു പോയി.കുറച്ചുദിവസം കഴിഞ്ഞ് ആശുപത്രിയിൽ നിന്ന് കൊണ്ടുവന്നു.അച്ഛൻ കിടക്കുന്നത് കണ്ട

അനിലിന് സങ്കടമായി.അനിലിനെ ആശ്വസിപ്പിക്കാൻ അപ്പുവും കൂടെയുണ്ടായിരുന്നു.താൻ തന്നെയാണ് കുഴി കുത്തിയതെന്ന് അനിൽ അച്ഛനോട് പറഞ്ഞു.ഇത് പറഞ്ഞു കൊണ്ട് അവൻ അച്ഛന്റെ മടിയിൽ കിടന്നു കരഞ്ഞു.

-മുഹമ്മദ് യാസിർ

**ക്ലാസ്സ് -9**

# അക്ഷരപ്പാട്ട്



അമ്പിളിമാമൻ
വന്നപ്പോൾ
ആമ്പൽ പൂക്കൾ
ചിരിതൂകി
ഇലകളെമെല്ലെ
തഴുകാനായ്
ഈ വഴി കാറ്റും വന്നെത്തി;
ഉരുകും മഞ്ഞുകണം പോലെ
ഊറി വരുന്ന നിലാവെട്ടം
ഋഷിവാടത്തിൻ മൂകതപോൽ
എങ്ങും ശാന്തത കളിയാടി
ഏതോ താരക തിരിനീട്ടി
ഐശ്വര്യത്തിൽ കതിർ പോലെ
ഒരു ഗാനത്തിൻ ശ്രുതിമീട്ടി.

-മുഹമ്മദ് എസ് ഫഹദ് -9

# അമ്മയാണ് പുഴ



നീലപ്പുഴയെ മിന്നും
പുഴയെ
കളകളം പാടുന്ന പുഴയെ
ദേവതകൾ നീരാടും
ചെറുപുഴയെ
ഗംഗയോ യമുനയോ കാവേരിയോ നീ
എന്നും നി ചൊല്ല ചൊല്ല പുഴയെ..പുഴയെ.. ഓ
നീലപ്പുഴയെ മിന്നും പുഴയെ
നല്ല പുഴയെ അമ്മ പുഴയെ .

-സോന ഡിഗൽ

ക്ലാസ്സ് -9

# കാക്കയുടെ വിചാരങ്ങൾ



ഈ മനുഷ്യന്
ഒരു വൃത്തിയും
വെടിപ്പുമില്ല.
സ്വന്തം വീടും
മുറ്റവും
വൃത്തിയായി കിടക്കണമെന്നേ അവർക്കു
വിചാരമുള്ളൂ.മാലിന്യങ്ങൾ പ്ലാസ്റ്റിക്
കവറുകളിലാക്കി റോഡിലേക്ക്
വലിച്ചെറിയുവാൻ ഒരു മടിയുമില്ലാത്ത
കൂട്ടരാണ് മനുഷ്യർ.

ഇവർ വലിച്ചെറിയുന്ന മാലിന്യങ്ങൾ
കൊത്തിപ്പെറുക്കി നാട് വൃത്തിയാ-


ക്കുന്നവളാണ് ഞാൻ.പക്ഷേ അതിന്റെ
യാതൊരു നന്ദിയും മനുഷ്യർക്ക് എന്നോടില്ല.
എന്നേ കാണുമ്പോൾത്തന്നെ അവർ
കല്ലെടുത്തെറിയും.കല്ല് കൊണ്ട് എന്റെ
ദേഹമൊക്കെ വേദനിക്കാറുണ്ട്.എങ്കിലും
എനിക്ക് ഒരു പരാതിയുമില്ല.

ഈ നാട് വൃത്തിയായി
കിടക്കണമെന്നേ എനിക്ക് ആഗ്രഹമുള്ളൂ.

-അർച്ചന ബാബു

5

# മനുഷ്യൻ



ഈശ്വര സൃഷ്ടിയിൽ
പ്രധാനി
നീയല്ലയോ മനുഷ്യാ
ഈ ലോക മടക്കി വാഴും നീയെന്തേ
നന്മതൻ പാതയിൽ സഞ്ചരിച്ച വിശുദ്ധരെ
നീ എന്തു കൊണ്ട് അനുഗമിക്കുന്നില്ല
നീ അവരെ അനുഗമിച്ചാൽ നിന്നെയും
നിന്റെ സഹോദരന്മാർ അനുഗമിക്കും
വിശപ്പിനു വേണ്ടി മാത്രമല്ലയോ
മൃഗങ്ങൾ മറ്റു മൃഗങ്ങളെ കൊല്ലുന്നത്
എന്നാൽ നീ നിന്റെ
സഹോദരനെ കൊല്ലുന്നത്
പണത്തിനുവേണ്ടിയല്ലയോ

നീ നിന്റെ സഹോദരന്റെ
കണ്ണീർ തുടച്ചെന്നാൽ
നിന്റെ കണ്ണീർ തുടക്കാൻ അവനുണ്ടാകും
നീ നിന്റെ സഹോദരന്റെ
കണ്ണീർ തുടക്കുകയാണോ
വർദ്ധിപ്പിക്കുകയല്ലേ ചെയ്യുന്നത്
മനുഷ്യനായി ദൈവം ജനിച്ചു
ജീവിച്ചുവെങ്കിലും
നീ മൃഗത്തിനു തുല്ല്യമല്ലേ ജീവിക്കുന്നത്
നന്മതൻ പാതയിലൂടെ സഞ്ചരിക്കു
ഈ ലോകം നിന്നെ ആദരിക്കാം

-വാസില

ക്ലാസ്സ് 10

# കേരളം

കേരളം നമ്മുടെ നാടാണല്ലോ
പൂവിതളെഴുതിയ നാടാണല്ലോ
മനുഷ്യരെല്ലാരും ഒത്തുവാണീ-
ടുന്നോരു നാടാണീകേരളം

പൂക്കളും പുഷ്പഗന്ധങ്ങളും
പരത്തിവിരിഞ്ഞു നിൽക്കും നാടും
മഹാൻമാർ ജനിച്ചുവളർന്ന
സുന്ദരഭൂമിയാണീ കേരളം

-യവന വി എസ്

ക്ലാസ്സ് -10

# പകലിന്റെ ദീപം



ഞാൻ ആ കരയിൽ
അലയും നേരം
വിഷാദമൂകമായ് സൂര്യനദിക്കവേ
എൻ മനസ്സു കണ്ടറിഞ്ഞ നേരം
അവനിതാ താഴേക്ക് വരുകയായ്
പുഞ്ചരി ളുകുന്ന അ കിരണത്തിൽ
അനശ്വരമായ ആഹ്ലാദം നിഴലിച്ച
ആരണ്യമായ ആ പൊൻ പുലരിയിൽ
എൻ വിഷാദഭാവം ചേർന്നലിഞ്ഞുപോയി
ഓരോ ദിവസവും നീയാ പൊൻ കുന്നിൽ
നിൽക്കുന്ന കാഴ്ച്ചയോ ബഹുരസം
എൻ ദു:ഖങ്ങൾ ഞാൻ
അവനോടു പങ്കുവെയ്ക്കും നേരമതാ
അവനെന്റെ  അടുത്തുവരുന്നതായ്
എനിക്ക് തോന്നിത്തുടങ്ങി

ജാലകം

എന്തോ ഒരനുഭൂതി എന്നിൽ തുളുമ്പി
അൽപനേരം
നീയായിരിക്കുവാൻ എൻ ഹൃദയം
തുടിക്കാൻ തുടങ്ങി
എന്നോടൊപ്പം നീ മാത്രം
നിന്നെ കാണുന്നവരോ
അവന്റെ സ്വപ്നങ്ങൾ പങ്കുചേർക്കുന്നു.

-വിഷ്ണു പ്രതാപൻ
ക്ലാസ്സ് -10

# അമ്മനിലാവ്



പിറന്ന് വീണ
നിമിഷം മുതൽ
എന്നെ നോക്കി
പുഞ്ചിരിക്കുന്ന അമ്മ
എന്നെതലോടി താലോലിച്ചുറക്കുന്ന
എന്റെ ഇഷ്ടാനിഷ്ടങ്ങൾ
അറിഞ്ഞിടുന്ന എന്റെ അമ്മ
എന്റെ പിടിവാശികളിൽ
രോഗാതുരതകളിൽ എനിക്ക്
കൂട്ടിരിക്കുന്ന എന്റെ അമ്മ
കഷ്ടതയെന്തെന്നറിയിക്കാതെ
എന്നെ വളർത്തിയ എന്റെ അമ്മ
അച്ഛനോളം വളർന്ന്

ഉയരങ്ങളിലെത്തിയ മകനെകണ്ട്
അഭിമാനിച്ചിരുന്ന എന്റെ അമ്മ
തന്നോളമെത്തിയ മകൻ
തനിക്ക് തണലാകുമെന്ന്
സ്വപ്നംകണ്ട എന്റെ അമ്മ
എന്നെ നോക്കി എന്റെ അമ്മ
ഇപ്പോഴും പുഞ്ചിരിക്കുന്നു
ജനിച്ച നിമിഷം മുതൽ ഞാൻ കണ്ട
അതേ പുഞ്ചിരി

-ഫാത്തിമ കെ.വൈ

IX

# ഞാൻ കണ്ട




## മഴ

ചിന്നിത്തെറിക്കും
നറുമുത്തുപോലെ
നീളുന്ന വെള്ളിത്തെളിനൂലുപോലെ
ആകാശഗംഗ പ്രസരങ്ങൾപോലെ

ആഹാ! പതിപ്പൂ പുതുവർഷതോയം

കാറ്റിന്റെ കൂട്ടില്ലാതെ,ഇടിയില്ലാതെ
തനിച്ചങ്ങനെ പെയ്തിടേണം താമരനൂലുപോലെ
ളു വെള്ളിക്കമ്പിപോലെ
തുമ്പിക്കൈവണ്ണം പോലെ

ഒടുക്കം കുടംകൊണ്ടു ചൊരിയുന്ന പോലെ.

-അനാമിക അനിൽകുമാർ

# My father

I have a father, He was my superhero, But he was very naughty to me. I always travel through the way of my father. My father is my protection . If i have any problem my father can solve it.

He was a great father for me and  a blessings given by god to me . I will stand and wait in the heaven's longest queue, just for  the pleasure of another life time with you.

-SREELAKSHMI RAJU

# MY BROTHER




I have a brother
who always protect me,
He was my superhero.
when I am sad,
he always try to make me smile.

He always fight with me ,
because he loves me.
He loves me more than,
anyone in the world.

-AVANDHIKA MOHAN
CLASS -9

# HOLIDAY



Climbing in the mountain
swimming in the sea
Happy, Happy, Holidays
For you and me
I love,you love
He loves, she loves
We all loves holiday
Happy, Happy, Holidays
We all love holiday time
Playing on the beaches
Sitting in the sun
Happy,Happy,Holidays
Lot's of fun He loves, she loves We all love holidays

- Anjali Jinoy CLASS -5

# The parrot



I saw a parrot
who came to my window
It flew away when it had seen me
I stand near the window
 she came to me
I played with the parrot
 we became friends

-DIYA RAJ
CLASS -5

# MOM




when i was in darkness
you gave me light
your love for me,
made my life bright
If i get your smile,
i don't need a flower
if i get your voice,
I don't need a music
if you are there,
I don't need the world.
I will stand and wait
in the heaven's longest queue,
just for the pleasure
of another life time with you as your
daughter .......

Sajnas -9

# Second parent
# our Teacher



Teacher is the only person,
who is known as our second parent.
our thoughts are not matching,
teacher is the only guide,
who is the designer of our life.

teaching is the process,
which never takes recess.
And every teacher has principles,
of whom, we are disciples.

- Arathy
CLASS -9

# What is life?




Life is like a book,
Each days of our life is a page.
Life is like a sea,
Where we are in a ship,

Life is like a mirror,
When it falls down ,
it broken to small pieces.
Life is like a candle,
Which gives light to everyone.

-AKASH N R
CLASS -9

# A new dawn



A new day is born,
so gentle , pure and
fresh.
Calm beauty with
darkness gone,
Bringing new hopes and wishes .

Like a red rose glistening,
With morning dew sparkling.
We are here , god listening,
Keep up away from evil.

Make us a new generation ,
Of strength to reach greater heights.
Bless us mother name,
To turn pains ,to opportunities.

Mohammed Yasin -10

# Friendship

friendship is a good treasure in my life ,
It gives me many good ideas .
For me friendship is forever,
Friendship is not giving things to
each other,But sharing those nice
moments.

-ANEETTA JOSHY
CLASS -9

# Environmental pollution

The most precious creatures of the world are human beings .We live in the surface of the earth .Other creatures also live with us .The most dangerous and effective



thing  in this earth is environmental pollution .This environmental pollution is actually caused by human beings unneccesary interventions. There are many gases in the atmosphere including oxygen .We need oxygen for our survival. In cities air pollution is caused due to the smoke coming from many factories and vehicles like

scooter,car,train,bus etc .This affects the physical health of the human beings. Human beings also dump their household wastes in the free atmosphere .This also causes atmospheric pollution. The wastes which are coming from factories gets dumped into rivers and seas and this cause water pollution and kills the precious things of the sea(fishes).Another major type of pollution is the sound pollution from factories. They produce loud sounds during their working. This damages the mental health of the human beings. Sounds pollution are also caused from loud speakers and the sounds coming from aeroplanes .Acids and fumes which are produced from factories even kills human beings .Polythene bags are not biodegradable and cause several damages to human beings and it depleted the ozone layer. Remedial measures should be taken to stop its disastrous consequences . For that public awareness should be generated . People should avoid doing wrong practices . All human

beings should co- operate together to keep our country's environment neat and clean.

- AKSHAY RAJESH
CLASS 9

# Human being



Human beings are mammals , but rather clever ones. They have the same kind of bones . But the main difference between people and any other animals is the size of their brain . People use their brain to think things , and when they have to find and answer to a problem , they can talk about it with other people . They are very like their relatives “THE APES”. This is why the human beings most successful animals.

Scientists now agree that our once stars were apes like creatures who slowly , over millions of years change into man. People something like ourself have

probably lived on earth for about 500,000years. Scientists divide human being into three main races. The Caucasoid people are fair- skinned like the people of Europe and America . The mangoloid group takes in most of the yellow – skinned people Asia , America and India .

The Negroid group consist of the dark – skinned of Africans .

- Athulya

CLASS -10

# THE EYES



I like to see the
stars at night
They look very
bright,
I like to see the rising sun,
In the early morning,
I like to see my mother,and father
And the glowing face of others,
I like to see the beautiful flowers,
That give joy for hours

-Rahul T.S
CLASS -9

# Profile of Sreenivasa Ramanujan

(1887- 1920)

Indian mathematician born at Erode,Tamil Nadu. He was interested in solving mathematical problems from his childhood. He was selected as the fellow of the Royal Society in 1918. He published a number of books in mathematics.



-ALEENA ANTONY
CLASS -9


thanks
designed by freepik.com